## മഹാത്മാഗാന്ധി സർവ്വകലാശാല

### (സംഗ്രഹം)

സ്പോർട്ട്സ് അഫിലിയേഷൻ ഫീസ് വർദ്ധനവ് - സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം.2896/എ1/2017/അക്കാദമിക് — തീയതി, പ്രിയദർശിനി ഹിൽസ്, 17.05.2017

---

പരാമർശം : 1. സർവ്വകലാശാലാ ഉത്തരവ് നം.2415/എ1/2017/അക്കാദമിക് തീയതി 29.04.2017.

2. സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്ട്സ് സയൻസസ് വകുപ്പു മേധാവിയുടെ 08.05.2017 തീയതിയിലെ കത്ത് നം.സ്പെസ്സ്/I/സ്പോർട്ട്സ് അഫിലിയേഷൻ/17.

**ഉത്തരവ്**

വിദ്യാർത്ഥികളിൽ നിന്ന് സർവ്വകലാശാല ഈടാക്കി വരുന്ന സ്പോർട്ട്സ് അഫിലിയേഷൻ ഫീസ് പരാമർശം (1) പ്രകാരം, 300/- രൂപയായി വർദ്ധിപ്പിക്കുകയും ആയതിൽ 200/- രൂപ സർവ്വകലാശാലയിൽ അടയ്ക്കണമെന്നും ബാക്കി തുകയായ 100/- രൂപ കോളേജിൽ നിലനിർത്താമെന്നും ഉത്തരവായിരുന്നു. മേൽ ഉത്തരവ് ഏത് അക്കാദമിക വർഷം മുതൽ പ്രാബല്യത്തിലാകുമെന്ന് വ്യക്തത വരുത്തണമെന്ന സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്ട്സ് സയൻസസ് വകുപ്പു മേധാവിയുടെ പരാമർശം (2) പ്രകാരമുള്ള കത്ത് സർവ്വകലാശാല പരിഗണിക്കുകയും പരാമർശം (1) ഉത്തരവിന് 2017-18 അക്കാദമിക വർഷം മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന് സ്പഷ്ടീകരണം നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം നിക്ഷിപ്തമായ സിൻഡിക്കേറ്റിന്റെ അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
രമേഷ് രാഘവൻ
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വകുപ്പു മേധാവി, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്ട്സ് സയൻസസ്
2. എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർക്കും
3. ബന്ധപ്പെട്ട സെക്ഷനുകൾക്ക്
4. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ/പി.ആർ.ഒ.
6. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/ഫിനാൻസ്/പരീക്ഷ)
7. എസി.സി./അന്വേഷണ വിഭാഗം
8. കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി.
9. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ1/2/2409/2016